**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5025** **11-08-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷ്യ ഭദ്രത അലവൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ ജി എസ് ജയലാൽ** | | **Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷ്യ ഭദ്രത അലവൻസ് സപ്ലൈകോയുടെ സഹകരണത്തോടെ ഭക്ഷ്യധാന്യ കിറ്റുകളായി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സർക്കാർ ഉത്തരവ് പ്രകാരം, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശാനുസരണം സപ്ലൈകോ ഭക്ഷ്യധാന്യ വിഹിതവും ഭക്ഷ്യഭദ്രതാ അലവൻസിനു തുല്യമായ തുകയ്ക്കുള്ള ഭക്ഷ്യവസ്തുക്കൾ അടങ്ങിയ കിറ്റും 2020-21 ഏപ്രിൽ മാസം മുതൽ വിതരണം ചെയ്തു വരുന്നുണ്ട്. |
| (ബി) | സ്കൂൾ തുറക്കാൻ കഴിയാത്ത നിലവിലെ സാഹചര്യത്തിൽ ഭക്ഷ്യ ഭദ്രത അലവൻസ് തുടർന്നും ഭക്ഷ്യ ധാന്യകിറ്റുകളായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | 2021-22 അധ്യയനവർഷം സംസ്ഥാനത്ത് സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നത് വരെ ഭക്ഷ്യധാന്യ വിഹിതവും ഭക്ഷ്യഭദ്രതാ അലവൻസ് ഭക്ഷ്യകിറ്റുകളായും വിതരണം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (സി) | സ്കൂൾ കുട്ടികൾക്ക് നൽകുന്ന ഭക്ഷ്യ കിറ്റിൽ കുട്ടികളുടെ താൽപര്യം പരിഗണിച്ച് ബിസ്കറ്റ്, സ്നാക്സ് എന്നിവ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (സി) | 2021-22 അധ്യയന വർഷം ആദ്യഘട്ടമായി വിതരണം ചെയ്യുന്ന ഭക്ഷ്യകിറ്റിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം കടലമിഠായി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷ്യ ഭദ്രത അലവൻസ് കൂപ്പണുകളായി നൽകി സപ്ലൈകോ ഔട്ട് ലെറ്റുകളിൽ നിന്നും ഇഷ്ടമുള്ള സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | 2021-22 അധ്യയന വർഷത്തിൽ ഭക്ഷ്യ ഭദ്രതാ അലവൻസ് ഭക്ഷ്യകിറ്റുകളായാണ് വിതരണം ചെയ്തു വരുന്നത്. സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷ്യഭദ്രതാ അലവൻസ് നിലവിൽ മുടങ്ങാതെ നൽകി വരുന്നുണ്ട്. |
| (ഇ) | കോവിഡിന്റെ മൂന്നാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷ്യ ഭദ്രത അലവൻസ് മുടങ്ങാതെ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | 2021-22 അധ്യയന വർഷത്തിൽ ഭക്ഷ്യ ഭദ്രതാ അലവൻസ് ഭക്ഷ്യകിറ്റുകളായാണ് വിതരണം ചെയ്തു വരുന്നത്. സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷ്യഭദ്രതാ അലവൻസ് നിലവിൽ മുടങ്ങാതെ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ